Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 23 | 2017 ജൂൺ 11 | 1192 ഇടവം 28

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

ഈശ്വരവിധിയെ മാനിക്കാൻ കഴിയണമെങ്കിൽ ഒരു മഹിമ ഉണ്ടായിരിക്കണം. എല്ലാവരെയും നന്നാക്കണം എന്നാണ് ഒരു പൂർണ്ണഗുരുവിന്റെ ആഗ്രഹം. കർത്തവ്യബോധത്തോടുകൂടി ഗുരു പറയുന്നത് അനുസരിക്കാൻ കഴിയണം.

# ഗുരുവിന്റെ ജീവചരിത്രം ഇനി തെലുങ്കിലും

**സ്പിരിച്വൽ സോൺ:** ചുരുങ്ങിയ സമയത്തിനുള്ളിൽ റെക്കോർഡ് വില്പന നടന്ന ഗുരുവിന്റെ ജീവചരിത്രം ഗ്രന്ഥത്തിന് തെലുങ്ക് പരിഭാഷ പുറത്തിറങ്ങുന്നു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി രചിച്ച ഈ ഗ്രന്ഥം തെലുങ്കിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് എൽ.ആർ. സ്വാമിയാണ്. ഹൈദരാബാദിലെ പാലപ്പിട്ട പബ്ലിഷേഴ്സ് ആണ് പുസ്തകത്തിന്റെ പ്രസിദ്ധീകരണം നിർവഹിക്കുന്നത്. വില അറുപത് രൂപ. ആദ്യപ്രതി ജൂൺ 8 ന് പൗർണമി ദിനത്തിൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയും ശാന്തിഗിരി ആശ്രമം ഹൈദരാബാദ് റീജിയണൽ മാനേജർ എസ്.എച്ച്. പ്രമോദ്കുമാറും ചേർന്ന് ഗുരുസന്നിധിയിൽ സമർപ്പിച്ചു. ജൂലൈ ആദ്യവാരം ഹൈദരാബാദിൽ വച്ച് പുസ്തകത്തിന്റെ ഔദ്യോഗിക പ്രകാശനചടങ്ങ് നടക്കും.




# പാഥേയം പത്തുലക്ഷത്തിലേക്ക്

**തിരുവനന്തപുരം:** സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഏഷ്യാനെറ്റ് ചാനലിൽ അവതരിപ്പിക്കുന്ന 'പാഥേയം' പ്രഭാഷണ പരമ്പരയ്ക്ക് ജനപ്രീതിയേറുന്നു. പ്രവാചകൻ മുഹമ്മദ് നബിയെ കുറിച്ചുള്ള പ്രോഗ്രാം സ്വാമിയുടെ ഫേസ് ബുക്ക് പേജിൽ പോസ്റ്റ് ചെയ്ത വീഡിയോ വഴി 8,70,369 പേരാണ് ഇതുവരെ കണ്ടത്. ടെലിവിഷൻ പ്രേക്ഷകർക്ക് പുറമെയാണിത്. നിരവധി പള്ളികളിൽ വെള്ളിയാഴ്ച പ്രാർത്ഥനയ്ക്ക് ശേഷം പരിപാടിയുടെ പ്രത്യേക പ്രദർശനം നടന്നു. വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ചുള്ള പരിപാടിക്കും വൻ ജനപ്രീതിയാണ് ലഭിച്ചത്. ജൂൺ 7,8,9 തിയതികളിലാണ് അൽഫോൻസാമ്മയെക്കുറിച്ചുള്ള പ്രോഗ്രാം സംപ്രേക്ഷണം ചെയ്തത്. ജൂൺ 5,6 തിയതികളിൽ സ്വാമി വിവേകാനന്ദനെക്കുറിച്ചുള്ള പരിപാടിയാണ് അവതരിപ്പിച്ചത്. ശ്രീരാമകൃഷ്ണ പരമഹംസനും സ്വാമി വിവേകാനന്ദനും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെ കുറിച്ചായിരുന്നു ഈ എപ്പിസോഡുകൾ. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.45 മുതൽ 7.00 വരെ സംപ്രേക്ഷണം ചെയ്യുന്ന പാഥേയം പ്രോഗ്രാമിൽ വിവിധ മഹാത്മാക്കളുടെയും മഹത്തുക്കളുടെയും ജീവചരിത്രവും ആശയങ്ങളുമാണ് അവതരിപ്പിക്കുന്നത്. ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങളും പ്രമേയമാകുന്നു.




# സിദ്ധ പ്രതിനിധി സമ്മേളനം നാളെ തിരുവനന്തപുരത്ത്

## മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** കേരളത്തിലെ സിദ്ധ സമൂഹത്തിന്റെ പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനവും പ്രമുഖ വ്യക്തിത്വങ്ങളെ ആദരിക്കൽ ചടങ്ങും നാളെ വൈകുന്നേരം നാലു മണിക്ക് പ്രസ് ക്ലബ് ഹാളിൽ വച്ച് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ എന്നിവർ മഹനീയ സാന്നിധ്യമാകും. ചടങ്ങിൽ നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ കേശവേന്ദ്ര കുമാർ ഐ.എ.എസ്, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ ഡോ. അനിതാ ജേക്കബ്, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ എക്സിക്യൂട്ടീവ് മെമ്പർ ഡോ.വി.ബി. വിജയകുമാർ, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽമാരായ ഡോ.കെ. ജഗന്നാഥൻ, ഡോ. ഹരിഹരൻ ബി., സിദ്ധ മെഡിക്കൽ അസോസിയേഷൻ പ്രതിനിധികളായ ഡോ. അബിൽ മോഹൻ, ഡോ. നിതിൻ ഇ. നായർ, മഹേഷ് എം. തുടങ്ങിവർ സംബന്ധിക്കും. മലയാറ്റൂർ സുകുമാരൻ വൈദ്യർ, വലിയറത്തല ശ്രീധരൻ ആശാൻ, ഡോ. കെ. ഗോപകുമാർ എന്നിവരെ ആദരിക്കും. മുറിവെണ്ണകളെക്കുറിച്ചും നൂറ്റിയെട്ട് മർമ്മമുറകളെക്കുറിച്ചും പ്രതിപാദിക്കുന്ന 'സിദ്ധവർമ്മസാരം' പുസ്തക പ്രകാശനവും ഉണ്ടായിരിക്കും.



*ബിജെപി ദേശീയ പ്രസിഡന്റ് അമിത് ഷാക്ക് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ശാന്തിഗിരി ആശ്രമത്തിന്റെ ഉപഹാരം നല്കുന്നു*

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

സാധാരണ നമ്മുടെ ഇടയിൽ പറഞ്ഞു കേട്ടിട്ടില്ലാത്ത ഒരറിവ്-ദർശനം-നമ്മുടെ ഈ ആശ്രമസ്വഭാവത്തിൽ ഉണ്ട്. പ്രത്യക്ഷം, അശരീരി എന്നുമൊക്കെ പേരു കൽപിച്ച് ഇതിനെ പറയാറുണ്ട്. പക്ഷേ നമ്മെ സംബന്ധിച്ച് ദർശനം എന്നു പറയുന്നത്, ഈ ഭൂമി അല്ലെങ്കിൽ സൗരയൂഥം തന്നെ ഉണ്ടായകാലം മുതൽ എന്തൊക്കെ സംഭവിച്ചു, അങ്ങനെ സംഭവിക്കാനുള്ള കാര്യകാരണങ്ങൾ എന്തൊക്കെ, ത്രിമൂർത്തി പരമ്പരയിലാണോ അതോ മനുപരമ്പരയിൽക്കൂടിയാണോ ദർശനത്തിന്റെ ശരിയായ അറിവ് പകർന്നുവന്നിരിക്കുന്നത്, അതോ തത്ത്വചിന്തകൻമാരുടെയും ആശയസിദ്ധാന്തങ്ങളുടെയും വിഭാവനയിലെ ദർശനമാണോ അതിന്റെ യഥാർത്ഥവശം, എന്നിങ്ങനെ നാനാവശങ്ങളിൽക്കൂടി വന്നിട്ടുള്ള വാദഗതികളെ ഒരുമിച്ച് ഒരു സൈര്യം വരുത്താൻ, ദൈവമായി അനുവദിച്ചുതന്നിട്ടുള്ള ഒരു മഹിമയാണ്. ഈ മഹിമയാർന്ന ദർശനവശത്തുകൂടി വ്യക്തികളുടെ ജനനത്തിനു കാരണമായതുമായ പിതൃക്കളെ, ആ സ്ഥാനത്തുനിന്ന് മാറ്റുക, അതായത് അവരുടെ ആ സ്വഭാവത്തിൽ ഒരു അനുകമ്പ കൊടുത്ത് മാറ്റിനിർത്തുക, പിന്നെ അതിനെ ജനിക്കേണ്ട കാലത്തു ജനിപ്പിക്കുക ഇങ്ങനെ ഒരു സ്വൈരം വരുത്തുവാൻ ദൈവം നമുക്ക് അനുവദിച്ചു തന്നതാണ് ഈ ദർശനം. ഇങ്ങനെ അനുകമ്പ കൊടുത്ത് മാറ്റിനിർത്തുന്ന പിതൃക്കൾക്ക് അതാത് സമയങ്ങളിൽ ജന്മം കൊടുക്കാൻ യോഗ്യരായ മക്കളെ വളർത്തിയെടുക്കുകയാണ് നിങ്ങൾ ഇന്നു ജീവിച്ചിരിക്കുന്നവരുടെ കർത്തവ്യം. പക്ഷേ ജീവിച്ചിരിക്കുന്നവർക്ക് ആ ഒരു പരിചയം ഉണ്ടായിക്കാണുന്നില്ല. മുൻപരിചയമാണു പരിചയത്തിന്റെ വളർച്ച. മുൻപരിചയം വളർത്തിയെടുക്കാൻ ഒരു ആശ്രമം ഉണ്ടാവണം.

ഈ ഒരു പരിചയം വളർത്തിയെടുക്കുന്നതിന് പല സിദ്ധാന്തമതങ്ങളും പല പ്രവാചകമതങ്ങളും ദൈവമായിട്ടു കൊണ്ടുവന്നു. പലവിധത്തിലുള്ള വേദാന്തപരിപാടികൾ പല ഇടക്കാലങ്ങളിലായി കൊണ്ടുവന്നു. പക്ഷേ ഈ നാനാതരത്തിലുള്ള പാരമ്പര്യങ്ങളെ ഒരുമിപ്പിക്കാൻ ഒന്നിനും കഴിഞ്ഞിട്ടില്ല. ഇങ്ങനെയൊരബദ്ധം ജന്മജീവിതത്തിലുണ്ടെന്ന് നിങ്ങൾ അറിയുന്നുമില്ല. അതുകൊണ്ട് പരസ്പരം മാനിച്ചെടുക്കാൻ നിങ്ങൾക്കിതുവരെ കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു അവതാളവഴിയിൽപ്പെട്ടുപോയി നിങ്ങൾ. ഇതിനെ സംബന്ധിച്ച് ആദിയിലുണ്ടായിരുന്ന അറിവിന്റെ കുറവും അതിലെ നന്മതിന്മകളും തിരിച്ചറിഞ്ഞ് നിങ്ങൾക്കൊരുമിക്കാൻ കഴിയില്ല. അതിന്, ഈ ജീവിതംതന്നെ പോരാ, മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ വികസിച്ച ജീവിതസാഹചര്യങ്ങൾ ഇന്ന് നമുക്കുണ്ട്. എന്തൊക്കെ വലുപ്പമുണ്ടായിട്ടും വിദ്യ, ധനം, പ്രബുദ്ധത എന്നിവയുടെ പിന്നാലെ മത്സരിച്ച് ഓടുകയാണ്. നമ്മളിൽ പരസ്പരം മനുഷ്യസ്നേഹം ഊട്ടിവളർത്താൻ ആരും പരിശ്രമിക്കുന്നില്ല, ആഗ്രഹിക്കുന്നില്ല. എന്താണിതിനു കാരണം? മുമ്പു പറഞ്ഞതു തന്നെ. അതായത്, പിതൃക്കളും ദേവനും ഋഷിയും സന്ന്യാസിയുമായിട്ട് തിരിച്ചറിവില്ലാതെ യോഗനില, വിദ്യനില, ധനനില ഇവ എന്താണെന്നറിയാതെ ജീവിതത്തിന്റെ അടിസ്ഥാനങ്ങൾ സ്ഥാപിച്ചുപോയ അബദ്ധത്തിന്റെ ബാക്കിയാണ് ഇന്നു ജീവിച്ചിരിക്കുന്നവർ. അതുകൊണ്ട് ആരോടും സ്നേഹിക്കാനും സ്നേഹിച്ചെടുക്കാനും കൈകാര്യം ചെയ്യാനുമുള്ള അറിവ് നിങ്ങൾക്കില്ല. പുത്തൻ സംസ്കാരം എന്നുപറഞ്ഞ് ചുമന്നുകൂട്ടിയ കാട്ടാളത്തത്തിലേക്ക് തിരിച്ചുപോകാനുള്ള ഒരറിവാണ് നിങ്ങളിൽ ഇരിക്കുന്നത്. ഇതിനെ പരിഹരിച്ചെടുക്കാൻ ഒരു ഭാഷയ്ക്കോ ദേശത്തിനോ മതത്തിനോ സംസ്കാരത്തിനോ എന്തുചെയ്യാൻ കഴിയും?

നമുക്ക് അതു കഴിയണം. അങ്ങനെ ഒരു ആശ്രമപരിചയമാണ് ദൈവം നമുക്ക് തന്നിരിക്കുന്നത്. നിങ്ങളുടെ വിശ്വാസവും നിങ്ങളുടെ സ്നേഹവും നിങ്ങളുടെ ആദരവും നിങ്ങളുടെ വിനയവും ഒരുമിപ്പിക്കാനുള്ള ഒരു കർമം. എന്താണ് വിശ്വാസം? അമ്മയോടും അച്ഛനോടും ഭാര്യയോടും ഭർത്താവിനോടും ഒരു വിശ്വാസമുണ്ട്. ആ വിശ്വാസം നേരേ അറിവോടുകൂടിയാവുക. അതു നേരേയാകുമ്പോൾ നാട്ടിൽ നമുക്കെന്തെല്ലാമുണ്ടോ, അതെല്ലാം നേരേയാകും.

## വചനദീപ്തി

**മനസ്സിന്റെ രൂപവത്കരണത്തിൽ ഒരു വലിയ പങ്ക് നാം ആഹാരം വഴി ശരീരത്തിലേക്ക് ചെലുത്തുന്ന പദാർത്ഥങ്ങൾക്കുണ്ട്. അതുകൊണ്ട് ആഹാരകാര്യം പ്രത്യേകം ശ്രദ്ധേയമാണ്. എന്നാൽ ഇതിലും മറ്റു വിഷയങ്ങളിലെന്നപോലെ സാധകന്മാർക്ക് ഒരു മതഭ്രാന്ത് പറ്റാറുണ്ട്, അതിന് ആചാര്യന്മാർ ഉത്തരവാദികളല്ല.**

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജൂൺ 11 മുതൽ 17 വരെ*

| | |
|---|---|
| **ഞായർ** | **- പോത്തൻകോട്** |
| **തിങ്കൾ** | **- പാലോട്ടുകോണം** |
| **ചൊവ്വ** | **- ജ്യോതിപുരം** |
| **ബുധൻ** | **- ശാന്തിപുരം** |
| **വ്യാഴം** | **- കരുണപുരം** |
| **വെള്ളി** | **- ശാന്തിഗിരി ജംഗ്ഷൻ** |
| **ശനി** | **- ലക്ഷ്മിപുരം** |

## യാമപ്രാർത്ഥന

*2017 ജൂൺ 15 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജനസേവികപുരം**

പ്രകാശപഥം

# ഈ പ്രകൃതിയും പ്രപഞ്ചവും നിറഞ്ഞുനിൽക്കുന്ന പ്രകാശവലയങ്ങൾ

നമ്മൾ പ്രാർത്ഥന ചെയ്ത് ഫലിപ്പിച്ചത് നമ്മുടെ ജീവനിൽ ത്യാഗവും പുണ്യവും നിറയ്ക്കാനുള്ള ഒരു ഫലമുണ്ടാക്കിയെടുക്കണം. അത് നമ്മുടെ ജീവിതകാലം മുഴുവനും ഉതകുന്നതായിത്തീരുകയും വേണം. അതാണ് ആത്മസുകൃതം എന്നു പറയുന്നത്. ആ വഴിയിലേക്ക് നിങ്ങൾ സഞ്ചരിച്ചു പോകണം. പ്രാർത്ഥനയെ സംബന്ധിച്ചു പറയുകയാണെങ്കിൽ നേരത്തെ നമ്മൾ ചെയ്തിരുന്ന ഒരു കാലം മറക്കാൻ കഴിയില്ല. കാരണം '73 തൊട്ടു തന്നെ ഗുരുവിൽ നിന്ന് ഇങ്ങനെ അറിയിപ്പ് കിട്ടി, ആ ബ്രഹ്മപ്രകാശത്തിൽ നിന്ന് അറിയിപ്പ് കിട്ടി: 'ഇന്നതുപോലെ ചെയ്യണം ഇത്ര ദിവസം നിങ്ങൾ പ്രാർത്ഥിക്കണം.' ഒന്നുകിൽ ആറ് മാസം അല്ലെങ്കിൽ 90 ദിവസം അല്ലെങ്കിൽ 60 ദിവസം അല്ലെങ്കിൽ 21 ദിവസം അല്ലെങ്കിൽ 11 ദിവസം 3 ദിവസം എന്നിങ്ങനെ പല വഴിയിലായി പ്രകാശത്തിൽ നിന്ന് നമുക്ക് അറിയിപ്പ് കിട്ടിയിട്ടുണ്ട്. അതേപോലെ ചെയ്യുകയും അത് നമ്മൾ ചെയ്തു ഫലിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഇരിക്കെ നിങ്ങൾ പ്രാർത്ഥനയുടെ കാര്യത്തിൽ ഒന്നുകൂടി ഊർജ്ജസ്വലരായിട്ട് എല്ലാ വീട്ടിലും കൊച്ചു കുട്ടികളും അമ്മ അച്ഛൻ എന്നു പറയുന്ന എല്ലാവരും ഒരുപോലെ ഒത്തൊരുമയോടുകൂടി ചെയ്തെടുക്കേണ്ട എല്ലാ കാര്യങ്ങളും ഗുരുവിന്റെ ഇച്ഛയ്ക്കൊത്തുതന്നെ ചെയ്യാൻ നമ്മൾ ശ്രമിക്കുകയും അതിൽ പ്രാപ്തരാവുകയും വേണം. ആ സമ്പത്ത് നാടിനും വീടിനും ലോകത്തിനും അവരവരുടേതായി മാറാൻ ശ്രമിക്കുകയും വേണം. ആ കൂട്ടത്തിൽ എനിക്ക് ഓർമ്മ വന്ന ഒരു കാര്യം ഞാൻ ഗുരുവിന്റെ സ്വന്തം മക്കളായ നിങ്ങളോട് പറയുകയാണ്. ഒരു ജയന്തിയുടെ തലേദിവസം മുതലേ നമ്മുടെ ഗുരുവിന് പനിയും ഭയങ്കര ശരീരവേദനയും വന്ന് പുളയുന്നതുപോലെയുള്ള അവസ്ഥയായിരുന്നു. ആ സമയത്ത് എല്ലാവരും ഗുരു ഇറങ്ങി വന്ന് പീഠത്തിൽ ഇരുന്ന് ഹാരവും പുഷ്പവും ഇങ്ങനെ ആരാധനയും ചെയ്യാമെന്നുള്ള രീതിയിൽ നിർന്നിമേഷരായി നില്ക്കുന്ന ഒരു സമയം. എല്ലാവരും കൂട്ടപ്രാർത്ഥനയാണ്. ആ സമയത്ത് ഗുരുവിനൊട്ടും ഇറങ്ങാനും വയ്യ. ശരീരമാസകലം വേദനയാണ്. ഇങ്ങനെയുള്ള വേദന സഹിച്ചുകൊണ്ട് ഗുരു ഇരിക്കുന്ന സമയം എന്നെ വിളിച്ചിട്ട് ഗുരു പറഞ്ഞു: എന്തുവേണമെന്നു നോക്ക്, നോക്കിയിട്ട് വേണ്ടത് ചെയ്യ് എന്നു മാത്രം പറഞ്ഞു. ഞാൻ അപ്പോൾ തന്നെ– അന്നിവിടെ ഈ ഓടിട്ട പർണ്ണശാലയാണ്– ഞാൻ അപ്പോൾ തന്നെ ഇരുന്നുനോക്കിയപ്പോൾ കാണുന്നത് ഗുരുവിനെ നമ്മൾ ഇരുത്തുന്നതുപോലെ തന്നെ ഗുരു ഇരിക്കുകയും അതിൽ പുഷ്പാർച്ചന ചെയ്യുകയും ആരാധിക്കുകയും ചെയ്യുന്നതാണ്. അങ്ങനെയൊരു കർമ്മം കണ്ടിട്ട് അതിൽ 'സങ്കല്പമാത്രേണ പരമേശ്വര' എന്നു പറയുന്ന ഭാഗത്ത് എത്തി നിന്ന് ചെയ്യുന്ന രീതി ഗുരു പ്രകാശത്തിൽ കാണിച്ചു തന്നു. അതുപോലെ തന്നെ ഞാൻ ചെയ്യുകയും ചെയ്തു. അങ്ങനെയാണ്, അന്നു തൊട്ടാണ് നമ്മൾ ഈ പീഠം വച്ച് പ്രാർത്ഥിക്കുകയും പൂവിടുകയും ആരാധിക്കുകയും ചെയ്യുന്നത്. ഇത് മനസ്സിലാക്കി നമ്മൾ ഓരോരുത്തരും പ്രവർത്തിച്ചെടുക്കണമെന്നു ഞാൻ ഒന്നുകൂടി പറയുകയാണ്. അല്ലാതെ നാം സാധാരണക്കാരെപ്പോലെ വെറും ഒരു പുഷ്പം എടുത്ത് ഇടുകയല്ല. ഈ കർമ്മത്തിൽ തന്നെയിരിക്കുന്ന ഒരു ഭാഗം ആ സന്ദർഭത്തിൽ ഞാൻ കാണുന്ന ഒരനുഭവം ഇങ്ങനെയാണ്. ഈ പ്രകൃതിയും പ്രപഞ്ചവും നിറഞ്ഞുനിൽക്കുന്ന പ്രകാശവലയങ്ങൾ. അത് എത്രയോ പ്രകാശവലയങ്ങളായി ഞാൻ കാണുന്നു. പല പ്രകാരത്തിലുള്ളതും പല സൈസിലുള്ളതുമായ പ്രകാശവലയങ്ങൾ കണ്ടിട്ട് ആ വലയത്തിനകത്ത് 11 വിളക്ക് ഇരിക്കുന്നതായി ഞാൻ കാണുകയാണ്. ആ വിളക്കും 11 സൈസ് തന്നെയാണ്. അതിൽ ഗുരുവിന്റെ ഓരോ രൂപവും 11 ആയിത്തന്നെ നിൽക്കുകയും ആ നിൽക്കുന്ന ഭാഗം എല്ലാം ഗുരു ധ്യാനത്തിൽ ഇരുന്ന് നിർന്നിമേഷനായി ഇരിക്കുന്ന രംഗമാണ് ഞാൻ കാണുന്നത്. അത് കണ്ടിട്ട് ആ രൂപത്തിൽ ഞാൻ വീണ്ടും വീണ്ടും നോക്കിയപ്പോൾ കാണുന്നത് എല്ലാവരും ആ രൂപത്തിൽ പുഷ്പമിട്ടു പ്രാർത്ഥിക്കുകയും ആരാധന ചെയ്യുകയും ആ ആരാധന നടത്തി കഴിഞ്ഞ് നമ്മൾ എല്ലാവരും ഗുരുവിനെ നമസ്ക്കരിക്കുകയും ചെയ്യുന്നത് കാണുകയാണ്. ഇങ്ങനെ ഏകാത്മകമായ ഒരു പോക്കാണ് നമ്മുടെ ശാന്തിഗിരിയുടെ ലക്ഷ്യവും പ്രാപ്തിയും.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ആദിഗുരുവും ബ്രഹ്മവും ഒന്നുതന്നെ

പുണ്യം, പാപം എന്ന രണ്ട് കാര്യങ്ങളേ ലോകത്തുള്ളൂ. ജീവൻ ജനിച്ചും മരിച്ചും ആർജിച്ചുനില്ക്കുന്ന പുണ്യപാപങ്ങളുടെ തൂക്കത്തിനനുസരിച്ച് ഭൂലോകം, ഭുവർലോകം, സ്വർലോകം, മഹർലോകം, ജനർലോകം, തപോലോകം, സത്യലോകം എന്നീ അഖണ്ഡലോകങ്ങളിൽ ഏതെങ്കിലുമൊരു ആകാശത്തേക്ക് അടുക്കുന്നു. മുക്തിപദത്തിൽ എത്തുന്നതിനു മുമ്പ് ഈ എല്ലാ ആകാശങ്ങളിലൂടെയും ഒരു ജീവന് കടന്നുപോകേണ്ടതുണ്ട്. ഏതെങ്കിലുമൊരു ആകാശത്തിൽ വസിച്ചുകൊണ്ട് എല്ലാ തലങ്ങളിലും അത് സഞ്ചരിച്ചു എന്നും വരാം. പക്ഷെ ആ ജീവാത്മാവിന്റെ സ്ഥിതി അത് വസിക്കുന്ന ലോകത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. സ്വന്തം പരിശുദ്ധികൊണ്ടു നിറഞ്ഞ ജീവാത്മാവിനെ സംബന്ധിച്ചിടത്തോളം എന്തുതന്നെ സംഭവിച്ചാലും അപകൃഷ്ടമാകാൻ കഴിയുകയില്ല. പാതാളസദൃശമായ ഇരുതലങ്ങളിൽ സഞ്ചരിക്കേണ്ടി വന്നാലും സത്യലോകത്തിൽ യഥേഷ്ടം വ്യാപരിക്കാൻ അതിനു കഴിയും. ഹൃദയത്തിന്റെ വിശാലമായ സ്നേഹഭാവനയും വിശദഭാസുരമായ ലക്ഷ്യബോധവും ആത്മാവിന്റെ സഞ്ചാലക ശക്തിയുടെ മാധുര്യവുമാണ് കാരണം. ആ ആത്മാവ് പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളിലും സന്നിഹിതനാകാൻ കഴിയുന്ന പരമസത്യത്തിന്റെ നിദർശനമത്രെ. വിശ്വത്തെ രചിക്കാൻ വേണ്ട സങ്കല്പങ്ങൾ ഉതിരുന്നത് ഈ ആത്മാവിൽ നിന്നാണ്.

പരമാണുക്കളാണ് പ്രപഞ്ചത്തിന്റെ ഉത്ഭവ കാരണം. സനാതന ഗുണവിശേഷമാർന്ന പരമാണുക്കൾ അവയുടെ നിലയ്ക്കാത്ത സ്പന്ദന ചലനത്താൽ പ്രപഞ്ചത്തെ അവയുടെ മൗലിക സ്വഭാവത്തിൽ തന്നെ പ്രതിനിധാനം ചെയ്യുന്നു. ഒരു മഞ്ഞുതുള്ളിയിൽ പോലും ലോകഗോളാകാരം പൂണ്ടു നില്ക്കാൻ കാരണമിതാണ്. അതിന്റെ ഓരോ പരമാണുവിൽ പോലും തന്റെ സർവാംഗങ്ങളോടു കൂടി ഗുരു സ്ഥിതി ചെയ്യുന്നു. ഇത് ദർശനസത്യം. ഇതാണ് സർവ്വവ്യാപിത്വത്തിന്റെ യഥാർത്ഥ സിദ്ധാന്തം.

സൂര്യനെ പ്രകാശിപ്പിക്കുന്ന തേജസ്സിന് കാലാന്തരത്തിൽ അതിതാപത്താൽ വിഘടനം സംഭവിക്കുമ്പോൾ ഈ ചൈതന്യം ശൂന്യതയിൽ സ്വയം ലീനമാവും. അപ്പോൾ ഏതോ ഒരു കാലാന്തര ചൈതന്യം ആ തേജസിനെ പുന:സൃഷ്ടിക്കുന്നു. ആ ചൈതന്യം ഗുരുവിന്റേതാണ്. അങ്ങനെ ഗുരു സകല ലോകങ്ങളെയും സ്വന്തം ചൈതന്യത്തിൽ ബന്ധിക്കുന്നു.

മനസിന്റെ എല്ലാ ദൃശ്യങ്ങളും അവസാനിക്കുമ്പോൾ ശാന്തഗംഭീരമായ ആ ഉണ്മ മാത്രം അവശേഷിക്കും. ആ ഉണ്മ അനശ്വരമാണ്. ഈ ഉണ്മയെ വിശേഷിപ്പിക്കാൻ വാക്കുകൾ ശക്തമല്ല. ഇതത്രെ ബ്രഹ്മം! സർവ്വവ്യാപിത്വത്തിലും ഗുണവിശേഷത്തിലും ഗുരു ബ്രഹ്മതുല്യമായ ഭാവംതന്നെ പുലർത്തുന്നതു കൊണ്ട് ആദി ഗുരുവും ബ്രഹ്മവും ഒന്നുതന്നെ!

# 'ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത വേണം'

**തിരുവനന്തപുരം:** പടർന്നുപിടിക്കുന്ന ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ് അധികൃതർ. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നതാണ് ഡെങ്കിപ്പനിക്ക് പ്രധാന കാരണമെന്നതിനാൽ വീടിന്റെ പരിസരപ്രദേശങ്ങളിൽ വെള്ളം കെട്ടിനില്ക്കുന്ന സാഹചര്യം ഒഴിവാക്കണം. കൊതുകിനു മുട്ടയിടാൻ ഒരു കുളത്തിലെ വെള്ളം വേണമെന്നില്ല. ഉപേക്ഷിച്ച കുപ്പിയുടെ അടപ്പിൽ കെട്ടിനില്ക്കുന്ന മഴവെള്ളത്തിൽ പോലും ഈഡിസ് മുട്ടകൾ കണ്ടെത്തിയിട്ടുണ്ട്. ഒരു തുള്ളി വെള്ളം കിട്ടിയാൽ മുട്ട വിരിയും. അതിനാൽ വെള്ളം കെട്ടിനില്ക്കാനുള്ള സാഹചര്യം പരമാവധി ഒഴിവാക്കണം. മനുഷ്യന്റെ ശ്രദ്ധയെത്താത്ത ഇടങ്ങളിൽ കിടക്കുന്ന ഈഡിസ് മുട്ടകൾ അപകടകാരികളാകുന്നു. മുട്ട വിരിഞ്ഞിറങ്ങുന്ന കൊതുകുകൾക്ക് അര കിലോമീറ്റർ വരെ പറന്നെത്താനുള്ള ശേഷിയുണ്ട്. ഒരു പ്രദേശമാകെ ഡെങ്കിപ്പനി വ്യാപിക്കുന്നതിനു പിന്നിലെ രഹസ്യം ഇതാണ്. ഒരു പ്രദേശത്തു തന്നെ പനി ആവർത്തിച്ചു വ്യാപിക്കുന്നതും അതുകൊണ്ടു തന്നെ. വാട്ടർ ടാങ്കുകളും ജലം ശേഖരിച്ചു വച്ചിരിക്കുന്ന മറ്റു പാത്രങ്ങളും അടച്ചു സൂക്ഷിക്കണം. റബർ മരങ്ങളിലെ ചിരട്ടകളിൽ വെള്ളം തങ്ങിനിൽക്കാനുള്ള സാധ്യത ഏറെയാണ്. അതിനാൽ ഉപയോഗശേഷവും ടാപ്പിംഗ് ഇല്ലാത്ത കാലത്തും ഇവ കമഴ്ത്തിവയ്ക്കാൻ ശ്രദ്ധിക്കണം. വീടിനുള്ളിലെ ചെടിച്ചട്ടികളിൽ വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്. ചട്ടികളിലെയും അലങ്കാര ചെടികൾ വളർത്തുന്ന പാത്രങ്ങളിലെയും വെള്ളം എല്ലാ ആഴ്ചയിലും മാറ്റുക. ഉപയോഗിക്കാത്ത കക്കൂസുകളുടെ ഫ്ളഷ് ടാങ്കുകൾ, ക്ലോസറ്റുകൾ എന്നിവയിൽ കൊതുകുകൾ മുട്ടയിടാനുള്ള സാഹചര്യം ഏറെയാണ്. അതിനാൽ അവ നന്നായി മൂടിയിടണം. വീടിനോടു ചേർന്ന കക്കൂസിലും പലപ്പോഴും ഡെങ്കിപ്പനി പരത്തുന്ന കൊതുകുകളെ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ അതീവ ജാഗ്രത വേണം. സോപ്പുപെട്ടിയുടെ അടപ്പിനുള്ളിൽ തങ്ങിനില്ക്കുന്ന ഏതാനും തുള്ളി വെള്ളത്തിലും ഈഡിസ് കൊതുകുകൾ മുട്ടയിടാം. രാത്രിയും പകലും കൊതുകിന്റെ കടിയേല്ക്കാതെ സൂക്ഷിക്കണം. കൃഷിയിടങ്ങളിൽ പണിയെടുക്കുന്നവരും യാത്ര ചെയ്യുന്നവരും കൊതുകുകടിയേല്ക്കാതെ സൂക്ഷിക്കുക. ശരീരം പൂർണമായും മൂടിക്കിടക്കുന്ന വസ്ത്രം ധരിക്കുക. കൊതുകുവല ഉപയോഗിക്കുക എന്നീ മുൻകരുതലുകൾ എടുക്കണം.



*ശാന്തിഗിരി വിദ്യാഭവൻ പ്രവേശനോത്സവത്തിൽ നിന്ന്*

# സ്കൂൾ പ്രവേശനോത്സവം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ പ്രവേശനോത്സവം വർണ്ണാഭമായ ചടങ്ങുകളോടെ നടന്നു. അറിവിന്റെ അക്ഷരലോകത്തേക്ക് കൗതുകത്തോടെ പിച്ചവച്ചു നടന്നുവന്ന കുരുന്നുകളെ മധുരപലഹാരങ്ങൾ നല്കി തോരണങ്ങൾ കൊണ്ട് അലങ്കരിച്ച ക്ലാസ് മുറികളിലേക്ക് ആനയിച്ചു. തുടർന്ന് പുതിയ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ഒത്തുചേർന്നു. പ്രവേശനോത്സവത്തിൽ സർവാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി തുടങ്ങിയവർ സംബന്ധിച്ചു. അദ്ധ്യാപകരും പി.റ്റി.എ ഭാരവാഹികളും പങ്കെടുത്തു.

# ഇടവമാസ പൗർണമി ഭക്തിനിർഭരമായി

**സ്പിരിച്വൽ സോൺ:** ഇടവമാസ പൗർണമി ജൂൺ 8 ന് ഭക്തിനിർഭരമായി ആഘോഷിച്ചു. രാവിലെ അഞ്ചു മണി മുതലുള്ള വിവിധ ആരാധനകൾക്കും പ്രാർത്ഥനാസങ്കല്പങ്ങൾക്കുമായി നൂറുകണക്കിനു ഗുരുഭക്തർ വ്രതനിഷ്ഠയോടെ ആശ്രമത്തിലെത്തി. പുഷ്പസമർപ്പണം, തട്ടം സമർപ്പണം, ദീപം-കുംഭം പ്രദക്ഷിണം, സംഗീതാർച്ചന എന്നിവയും ആഘോഷ പരിപാടികളെ ഭക്തിസാന്ദ്രമാക്കി.





*പൗർണമിദിനരാത്രിയിൽ ത്തിൽ നടന്ന സംഗീതാർച്ചന*





*വൺ വേൾഡ് വൺ ലാംഗേജ് പ്രചാരകൻ ബാബ അലക്സാണ്ടർക്ക് ശാന്തിമഹിമ കോഡിനേറ്റർ ദർശിൽ ഭട്ട് ഉപഹാരം നല്കുന്നു*

# 'വൺ വേൾഡ് വൺ ലാഗ്വേജ്'

**സ്പിരിച്വൽ സോൺ:** ഒരു ലോകം ഒരു ഭാഷ എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന പ്രശസ്ത സ്പോക്കൺ ഇംഗ്ലീഷ് പരിശീലകൻ ബാബ അലക്സാണ്ടർ നയിച്ച പരിശീലന ക്ലാസ് സമാപിച്ചു. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം, മെഡിറ്റേഷൻ, വ്യക്തിത്വ വികസന പരിശീലനം എന്നിവയാണ് ക്ലാസിനോട് അനുബന്ധിച്ച് ഉണ്ടായിരുന്നത്. നാഷണൽ ചൈൽഡ് ഡെവലപ്മെന്റ് കൗൺസിൽ കേരളഘടകത്തിന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ പരിപാടി. ശാന്തിഗിരി ആശ്രമത്തിലെ കർമ്മചാരികൾക്കു പുറമെ തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ അൻപതോളം പേർ ഈ ക്ലാസിൽ പങ്കെടുത്തു. ജൂൺ 3 മുതൽ ജൂൺ 8 വരെയാണ് ക്ലാസ് നടന്നത്. ബാബ അലക്സാണ്ടർക്കുള്ള ശാന്തിഗിരി ആശ്രമത്തിന്റെ ഉപഹാരം ദർശീൽ ഭട്ട് കൈമാറി. ഈ വരുന്ന ഓഗസ്റ്റ് 13, 14 തീയതികളിൽ അടുത്ത ക്ലാസ് ആശ്രമത്തിൽ വച്ച് നടക്കുന്നതാണ്.









*സതീഷ് കുമാർ സുധർമ്മ കെ.കെ ദമ്പതിമാർ ജനസേവികപുരത്ത് നിർമ്മിച്ച 'ഗോവിന്ദം' ഭവനം. ഇതിന്റെ ഗൃഹപ്രവേശനകർമ്മം മെയ് 29ന് നടന്നു.*

# വൃക്ഷത്തൈ നടീലും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുമായി ലോക പരിസ്ഥിതിദിനാചരണം



*ശാന്തിഗിരി വിദ്യാഭവൻ എച്ച്എസ്എസ് പരിസ്ഥിതിദിനാഘോഷം*


*സിദ്ധ  കോളേജ് അവതരിപ്പിച്ച ഇക്കോ ഫ്രണ്ട്‌ലി ഭവനമാതൃക*


*ശാന്തിമഹിമയുടെ പരിസ്ഥിതിദിനാചരണം*


*ശാന്തിഗിരി വിദ്യാഭവൻ എസ്എസ്എസ് പരിസ്ഥിതിദിനം*

**സ്പിരിച്വൽ സോൺ:** വൃക്ഷത്തൈ നടിലും വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി ശാന്തിഗിരി ആശ്രമത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിസ്ഥിതിദിനാചരണം നടന്നു. കവി ഇഞ്ചക്കാട് ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മനുഷ്യൻ ഭൂമിയുടെ അവകാശികളെന്ന് ധരിക്കാതെ ഭൂമിയുടെ സംരക്ഷകരായി മാറണമെന്ന് അദ്ദേഹം പറഞ്ഞു. ഭൂമിയെ സംരക്ഷിച്ചില്ലെങ്കിൽ ഭൂമുഖത്ത് നിന്ന് ഇനി ഇല്ലാതാകുന്ന ആദ്യജീവി മനുഷ്യൻ ആയിരിക്കും. മലിനമായ ജലാശയവും ഭൂമിയും മാത്രമല്ല മലിനമായ ഭക്ഷണരീതികളുമാണ് നമ്മുടേത്. പരിസ്ഥിതിയെ മറന്നുള്ള പരക്കംപാച്ചിലിൽ നഷ്ടമാകുന്നത് വരുംതലമുറയ്ക്കുള്ള പ്രകൃതി സമ്പത്താണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാമി ഗുരുനന്ദ് ജ്ഞാന തപസ്വി മുഖ്യപ്രഭാഷണം നടത്തി. പരിസ്ഥിതി സൗഹൃദ മാതൃകാഭവനത്തിന്റെ പ്രദർശനോദ്ഘാടനം സേഫ്റ്റി ഡിപ്പാർട്ട്മെന്റ് ഇൻ ചാർജ് സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി നിർവഹിച്ചു. ഭൂമിത്രസേന ക്ലബിന്റെ വാർഷിക റിപ്പോർട്ട്, ഫാക്കൽറ്റി ഇൻ-ചാർജ് ഷിബു വി. അവതരിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.പി.ഹരിഹരൻ, അസോസിയേറ്റ് പ്രൊഫസർമാരായ എൻ.ഷീജ, ഡോ.കെ.വി. കൃഷ്ണവേണി, ഡോ.വി.എ. മേഖല, അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ.കെ. നന്ദഗോപാൽ, രഞ്ജിത. വി എന്നിവർ പ്രസംഗിച്ചു. ഭൂമിത്രസേന ക്ലബ് പ്രതിനിധികളായ ഇലക്യ. ഇ സ്വാഗതവും രാഹുൽ. എം കൃതജ്ഞതയും പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും നടന്നു.

ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിസ്ഥിതി ദിനാചരണം ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. സ്കൂൾ അധികൃതർ, എൻ.എസ്.എസ്. യൂണിറ്റ് ചുമതലക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

ശാന്തിഗിരി ശാന്തിമഹിമയുടെ നേതൃത്വത്തിൽ പാലോട്ടുകോണം ഏരിയയിൽ വൃക്ഷത്തൈ വിതരണം നടന്നു. ആദരണീയ സ്വാമി ജനമോഹനൻ സ്വാമി ഉദ്ഘാടനം ചെയ്തു. ദർശനമന്ദിരം കോഡിനേറ്റർ കണ്ണൻ, അനൂപ് റഹീം, മനു എൻ.എം, ശാന്തിപ്രിയൻ ആർ. തുടങ്ങിയവരും സംബന്ധിച്ചു. ശാന്തിഗിരി എനർജി ആന്റ് എൻവയേൺമെന്റ് ഡിപ്പാർട്ടുമെന്റുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന പരിസ്ഥിതിദിനാചരണം ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. വൃക്ഷത്തൈ നട്ടാണ് ഉദ്ഘാടനം നിർവഹിച്ചത്. ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി, സ്കൂൾ അധികൃതർ തുടങ്ങിയവർ സംബന്ധിച്ചു.

ആശ്രമത്തിന്റെ വിവിധ ഏരിയ ഓഫീസുകളുടെ നേതൃത്വത്തിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിസ്ഥിതിദിനാചരണം നടന്നു.



*മലയാള മനോരമയുടെ സിബിഎസ്ഇ പ്രതിഭാസംഗമത്തിൽ പങ്കെടുത്ത ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ*

## നവപൂജിതം സുവനീർ തയാറാകുന്നു

**ഹെൽത്ത്കെയർ സോൺ:** നവപൂജിതം നവതി പൂർത്തീകരണ സുവനീർ പ്രവർത്തനങ്ങൾ ശാന്തിഗിരി പബ്ലിക്കേഷൻസിൽ ആരംഭിച്ചു. സുവനീറിലേക്ക് ആത്മബന്ധുക്കൾക്ക് ലേഖനങ്ങളും കഥ, കവിത, അനുഭവക്കുറിപ്പുകൾ തുടങ്ങിയവയും അയക്കാവുന്നതാണ്. നവപൂജിതം സുവനീറിലേക്കുള്ള പരസ്യശേഖരണത്തിന്റെ പ്രവർത്തനങ്ങളും കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. വിവരങ്ങൾക്ക്,

ഫോൺ : 8111882134

ഇമെയിൽ :
comm@santhigiriashram.org






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala